# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പ് - സംസ്ഥാന മീഡിയാ റിലേഷൻസ് സമിതി-മാധ്യമ/സാമൂഹ്യ പ്രവർത്തകരെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

നമ്പർ: 733/2015/സം.തി.ക　　　　തീയതി, തിരുവനന്തപുരം, 2015 ഒക്ടോബർ 25

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

പരാമർശം: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 08.10.2015-ലെ 659/2015/സം.തി.ക നമ്പർ ഉത്തരവ്.

## <u>ഉത്തരവ്</u>

2015-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാധ്യമ പ്രവർത്തനങ്ങളിന്മേലുള്ള പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ജില്ലാ തലത്തിൽ ജില്ലാ മീഡിയാ റിലേൻസ് സമിതിയും സംസ്ഥാന തലത്തിൽ സംസ്ഥാന മീഡിയാ റിലേഷൻസ് സമിതിയും പരാമർശത്തിലെ ഉത്തരവിൻ പ്രകാരം രൂപീകരിച്ചിരുന്നു. പ്രസ്തുത ഉത്തരവിൻ പ്രകാരം രൂപീകൃതമായ സംസ്ഥാന തല മീഡിയാ റിലേഷൻസ് സമിതിയിൽ കെ.യു.ഡബ്ല്യു.ജെ പ്രതിനിധിയായി മലയാളം ന്യൂസ് പത്രത്തിന്റെ ലേഖകനും കെ.യു.ഡബ്ല്യു.ജെ സംസ്ഥാന ഭാരവാഹിയുമായ ശ്രീ. റഹിമിനെയും, സാമൂഹ്യ പ്രവർത്തന മേഖലയിൽ നിന്നുള്ള പ്രതിനിധിയായി വിവര പൊതുജനസമ്പർക്ക വകുപ്പിൽ നിന്നും അഡീഷണൽ ഡയറക്ടറായി വിരമിച്ചയാളും ലേഖികയുമായ ശ്രീമതി. ശുഭാമണിയെയും, വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ പ്രതിനിധിയായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - വിവര പൊതുജനസമ്പർക്ക വകുപ്പിന്റെ കോർഡിനേഷൻ സെല്ലിന്റെ നോഡൽ ഓഫീസറും വിവര പൊതുജനസമ്പർക്ക വകുപ്പിന്റെ അഡീഷണൽ ഡയറക്ടറുമായ ശ്രീ. കെ മനോജ് കുമാറിനെയും ഉൾപ്പെടുത്തുക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**പി. ഗീത**
സെക്രട്ടറി

ബന്ധപ്പട്ട ഓഫീസർമാർക്ക്
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്
എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ വരണാധികാരികൾക്കും
എല്ലാ തിരഞ്ഞെടുപ്പ് നിരീക്ഷർക്കും / ആന്റി ഡീഫെയ്സ്മെന്റ് സ്ക്വാഡ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:

എല്ലാ നോഡൽ ഓഫീസർമാർക്കും,സീനിയർ ഫിനാൻസ് മാനേജർ
ലാ ഓഫീസർ,പബ്ലിക് റിലേഷൻസ് ഓഫീസർ
കമ്മീഷണറുടെ പി.എസ് / സെക്രട്ടറിയുടെ സി.എ
എല്ലാ സെക്ഷനുകൾക്കും

ഉത്തരവിൻ പ്രകാരം
**ഒപ്പ്**
സെക്ഷൻ ഓഫീസർ